"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എറണാകുളം, അഞ്ചൽപെട്ടി, സെന്റ് മേരീസ് യു.പി.എസിലെ എൽ.ജി ഹിന്ദിയായ ജിൻസി സൈമൺ സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4314/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

പരാമർശം:-

1. അഞ്ചൽപെട്ടി, സെന്റ് മേരീസ് യു.പി.എസിലെ എൽ.ജി ഹിന്ദിയായ ജിൻസി സൈമൺ സമർപ്പിച്ച 09.08.2024-ലെ അപേക്ഷ.
2. പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/10/2024 ലെ AEOPVM/415/2024-സി നമ്പർ കത്ത്.
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06.10.2024-ലെ ഡിഡിഇ/ഇകെഎം/8603/24/ബി1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.10.2024-ലെ DGE/20022/2024-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അഞ്ചൽപെട്ടി സെന്റ് മേരീസ് യു.പി.എസിലെ എൽ.ജി ഹിന്ദി ആയ ശ്രീമതി.ജിൻസി സൈമൺ.ബി സമർപ്പിച്ച പരാമർശം (1) അപേക്ഷ തീർപ്പാകുന്നതുമായി ബന്ധപ്പെട്ട് 07.10.2024 ന് ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടു.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

എറണാകുളം ജില്ലയിൽ പിറവം സബ് ജില്ലയിലെ അഞ്ചൽപെട്ടി സെന്റ്. മേരീസ് യു. പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക ആണ്. സിസ്റ്റർ ഡോൺസ്സി പി. കെയുടെ 01.04.2020 മുതലുള്ള വിരമിക്കൽ ഒഴിവിലേക്കാണ്, 15.07.2021 മുതൽ കോർ. മാനേജർ നിയമിച്ചത്. ഈ സ്കൂളിലെ അപ്പർ പ്രൈമറി വിഭാഗം പുതുതായി ഉയർത്തപ്പെട്ടതിനാൽ 15.07.2021 മുതൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിന് മാനേജർ ബഹു. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അപേക്ഷ നൽകിയിരുന്നു എങ്കിലും 22.09.2021ൽ ടി നിയമനം നിരസിച്ചു. 15.07.2021 മുതൽ 23.09.2021 വരെ സംരക്ഷിത അദ്ധ്യാപക നിയമന ഉത്തരവ് ലിസ്റ്റ് DDE കാര്യാലയത്തിൽ തടഞ്ഞു വെച്ചു. 24.09.2021 വരെ നിയമനം നടത്തുന്നതിന് ഉള്ള കാലയളവ് നിലനിൽക്കെയാണ് ഇപ്രകാരമുള്ള നടപടി

സ്വീകരിച്ചത്. 23.09.2021 ൽ സംരക്ഷിത അദ്ധ്യാപികയായ റോസീന വി. യു-ന്റെ നിയമനം നടക്കുകയും ചെയ്തു. ഇപ്പോൾ രണ്ട് സംരക്ഷിത അദ്ധ്യാപകർ സ്ക്ളിൽ നിയമനം നേടിയിട്ടുണ്ട്. ഭിന്നശേഷിസംവരണത്തിനു സ്കൂൾ മാനേജർ റോസ്റ്റർ പ്രകാരം നൽകേണ്ട പ്രൈമറി തലത്തിലെ രണ്ട് ഒഴിവുകൾ നീക്കിവെച്ചിട്ടുള്ളതിന്റെ ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ 05.09.2023 ൽ താത്കാലിക നിയമനം അനുവദിച്ചു. തുടർന്ന് ടി മാസം മുതൽ ശമ്പളവും ഡി.എ യും കിട്ടുന്നുണ്ട്. 15.07.2021 ൽ നടന്ന എല്ലാ നിയമനങ്ങളും സ്ഥിരനിയമനങ്ങൾ ആകുകയും എല്ലാ വിധ ആനുകൂല്യങ്ങൾകും അർഹരാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തന്റെ താത്കാലിക നിയമനം സ്ഥിരനിയമനമായി അംഗീകരിക്കയുകയും എല്ലാ ആനുകൂല്യങ്ങൾക്കും ഉള്ള അനുമതി നൽകണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ കോർപ്പറേറ്റ് മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

അഞ്ചൽപെട്ടി സെന്റ് മേരീസ് യു.പി സ്കൂളിൽ റിട്ടയർമെന്റ് ഒഴിവിൽ 15.07.2021 മുതൽ നിയമിച്ച എൽ.ജി ഹിന്ദി ജിൻസി സൈമണിന്റെ നിയമനം അപ്ഗ്രേഡ് ചെയ്ത ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിന് മാനേജർ ബഹു. എറണാകുളം ഡി.ഡി.ഇ കാര്യാലയത്തിൽ അപേക്ഷ നൽകിയിരുന്നെങ്കിലും നാളിതുവരെ നിയമനം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കാരണം കാണിച്ച് 22.09.2021 ലെ സി/15745/21/എ.ഇ.ഒ എന്ന ഉത്തരവിൽ പിറവം ഉപജില്ലാ വിദ്യാഭ്യസ ഓഫീസർ നിരസിച്ചു. അഞ്ചൽപ്പെട്ടി സെന്റ് മേരീസ് യുപി സ്കൂൾ ഉയർത്തപ്പെട്ട വിഭാഗം സ്കൂളുകളിൽ പെടുന്നു. ടി സ്കൂളിൽ ഒരു സംരക്ഷിത അദ്ധ്യാപകനെ നിയമിക്കണം എന്ന വ്യവസ്ഥ പാലിക്കുന്നതിനായി ടി സ്കൂളിൽ 15.07.2021 മുതൽ ഒഴിവുള്ള യു പി എസ് ടി റഗുലർ തസ്തികയിലേക്ക് ഒരു സംരക്ഷിത യു പി എസ് ടി യെ നിയമിച്ചു കിട്ടുന്നതിനായി 16.07.2021 ലെ 36/2021 - 22 നമ്പറായുള്ള അപേക്ഷ പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചതിനെ തുടർന്ന് 23.09.2021 ലെ ബി5/11155/2021/ഡിഡിഇ ഉത്തരവിൻ പ്രകാരം സംരക്ഷിത യു പി എസ് ടി ശ്രീമതി റോസീന വി യു നെ നിയമിക്കുകയും ടിയാൾ സംരക്ഷിത യു പി എസ് ടി അദ്ധ്യാപികയായി ടി സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. പൂർണ്ണ രൂപത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ 24.09.2021 നകം തീർപ്പ കൽപ്പിക്കേണ്ടതാണ്. എന്നാൽ സാധുവായ കാരണമില്ലാതെ ഒരപേക്ഷ പോലും നിരസിക്കപ്പെടരുത് എന്നും സമന്വയയിൽ സമർപ്പിക്കപ്പെട്ട നിയമന പ്രൊപ്പോസലുകൾ പൂർണ്ണരൂപത്തിലെങ്കിൽ അതായത് മാനേജർമാരിൽ നിന്നോ മറ്റ് ഓഫീസുകളിൽ നിന്നോ രേഖകളോ, റിപ്പോർട്ടുകളോ ലഭിക്കണമെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കി ഫയലിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്. എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തിൽ പ്രസ്താവിക്കുന്നുണ്ട്. (നമ്പർ.എച്ച്(2)/19500/2019/ഡി.ജി,ഇ തീയതി 07.09.2021, നിർദേശം.1&2) നിയമനാംഗീകാര ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് 24.09.2021 വരെ സമയമനുവദിച്ചിരുന്നിട്ടും ആയതു പരിഗണിക്കാതെയും സംരക്ഷിത അദ്ധ്യാപക നിയമനത്തിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് എന്നത് പരിഗണിക്കാതെയും ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉടൻ ഉണ്ടാകുമെന്നുറപ്പുള്ള സംരക്ഷിത അദ്ധ്യാപക നിയമന ഉത്തരവിനായി കാക്കാതെയുമാണ് 22.09.2021 ൽ പിറവം ഉപജില്ലാ വിദ്യാഭ്യസ

ഓഫീസർ ഉത്തരവായത് (23.09.2021 ൽ സംരക്ഷിത അദ്ധ്യാപികയെ നിയമിച്ച് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവുണ്ടാകുകയും ചെയ്തു) സംരക്ഷിത അദ്ധ്യാപക നിയമനം സംബന്ധിച്ച ഉത്തരവായ 23.09.2021 ന്റെ ഒരു ദിവസം മുൻപ് 22.09.2021 ൽ തന്നെ നിയമനം നിരസിച്ചില്ലായിരുന്നു എങ്കിൽ ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കണമെന്ന പിന്നീടുണ്ടായ നിബന്ധന ഈ നിയമനാംഗീകാരത്തിന് തടസ്സമാകുമായിരുന്നില്ലാത്തതാണ്. 22.09.2021-ൽ നിയമനം നിരസിക്കുന്നതിന് കാരണമായി കാണിച്ച ഏക കാരണമായ സംരക്ഷിത അദ്ധ്യാപക നിയമന പ്രശ്നം 23.09.2021 ലെ ഉത്തരവിൻ പ്രകാരം സംരക്ഷിത അദ്ധ്യാപക നിയമനം നടന്നിട്ടുള്ളതാണ് എന്നത് പരിഗണിച്ച് പ്രശ്നപരിഹാരത്തിനാവശ്യമായ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

4) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.</u>

അഞ്ചൽപ്പെട്ടി സെന്റ് മേരീസ് യു പി സ്കൂളിലെ ജൂനിയർ ഹിന്ദി റ്റീച്ചർ ആയിരുന്ന സിസ്റ്റർ പി കെ ഡോൺസ്ലി 31.03.2020- ൽ വിരമിച്ച ഒഴിവിലേക്ക് ശ്രീമതി ജിൻസി സൈമണിനെ 15.07.2021 മുതൽ ജൂനിയർ ഹിന്ദി റ്റീച്ചർ തസ്തികയിൽ മാനേജർ നിയമിച്ചു. ടി സ്കൂളിലെ അപ്പർ പ്രൈമറി വിഭാഗം പുതുതായി ഉയർത്തപ്പെട്ടതായതിനാൽ 15.07.2021 മുതൽ സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിന് മാനേജർ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അപേക്ഷ നൽകിയിരുന്നെങ്കിലും സംരക്ഷിതാദ്ധ്യാപകന്റെ നിയമനം നടക്കാത്തതിനാൽ പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ സി/15745/2021/ എഇഒ തീയതി 22.09.2021 പ്രകാരം ടി നിയമനം നിരസിച്ചു. തുടർന്ന് സമർപ്പിച്ച അപ്പീൽ മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.06.2022 ലെ ഉത്തരവ് നമ്പർ ബി6/196035/2021 പ്രകാരം നിരസിച്ചു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 24.03.2023 ലെ സ ഉ (കൈ) നം 29/2023/പൊ വി വ. ഖണ്ഡിക (10) പ്രകാരവും, 18.0702023 ലെ സ ഉ (കൈ) നം 10/2023/പൊ.വി.വ, 31.07.2023 ലെ പുറത്തെഴുത്ത് കത്ത് നമ്പർ ഡിജിഇ/121759/2023-എച്ച്2/താ.തീ പ്രകാരവും ശ്രീമതി ജിൻസി സൈമണിന്റെ നിയമന പ്രൊപ്പോസൽ പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനപരിശോധിച്ചു. സംരക്ഷിത അധ്യാപകർക്കായി മാറ്റി വച്ച ഒഴിവിൽ എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 04.07.2023 ലെ ഉത്തരവിൻ പ്രകാരം സംരക്ഷിത അധ്യാപിക 07.07.2023- ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. റോസ്റ്റർ പ്രകാരം 07.12.1996 മുതൽ ഭിന്നശേഷി സംവരണത്തിനായി ബാക്ക് ലോഗ് ഒഴിവുകൾ കണക്കാക്കുന്നതിനനുസരിച്ച് കാറ്റഗറി (1) ൽ രണ്ട് ഒഴിവുകൾ ഭിന്നശേഷിക്കായി നീക്കിവയ്ക്കേണ്ടതുണ്ട്. ഈ രണ്ട് ഒഴിവുകളും സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും റിക്വിസിഷൻ ഫോം കൈപ്പറ്റി രസീത് എന്നിവ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ച ഒഴിവിന്റെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 08.11.2021- ന് മുമ്പുള്ള നിയമനമായതിനാൽ സ.ഉ (കൈ) നം 29/2023/പൊ.വി.വ ഖണ്ഡിക 3 പ്രകാരവും 31.03.2023 ലെ എച്ച്2/295299/2022/ഡിജിഇ നമ്പർ സർക്കുലർ ഖണ്ഡിക (3,5) പ്രകാരവും ശ്രീമതി ജിൻസി സൈമണിനെ 15.07.2021 മുതൽ ജൂനിയർ ഹിന്ദി റ്റീച്ചർ തസ്തികയിൽ

ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെ പരിമിതപ്പെടുത്തി താത്ക്കാലികമായി 35600-75400 ശമ്പളസ്കെയിലിൽ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയിൽ പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/52015/ 2023 നമ്പർ ഉത്തരവ് പ്രകാരം നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിന്റെയും, സർക്കുലറിന്റെയും അടിസ്ഥാനത്തിൽ പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച നിയമന ഉത്തരവ് പുനപരിശോധിക്കേണ്ടതില്ല എന്ന വിവരം ഇതിനാൽ റിപ്പോർട്ട് ചെയ്യുന്നു.

5) ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. ശ്രീമതി ജിൻസി സൈമണിനെ 15.07.2021 മുതൽ ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ പരിമിതപ്പെടുത്തി പ്രൊവിഷണലായി അംഗീകരിച്ച പിറവം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് ക്രമപ്രകാരമാണെന്ന് കാണുന്നു, ആയതിനാൽ അപേക്ഷകയുടെ ആവശ്യം പരിഗണനാർഹമല്ല എന്നതിനാൽ പരാമർശം (1) അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പിറവം.

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, മൂവാറ്റുപുഴ കത്തോലിക്ക രൂപത, വാഴപ്പിള്ളി, മൂവാറ്റുപുഴ, മുടവൂർ പി.ഒ, എറണാകുളം - 686 669

ശ്രീമതി.ജിൻസി സൈമൺ, എൽ.ജി. ഹിന്ദി, സെന്റ് മേരീസ് യു.പി.എസ്, അഞ്ചൽപെട്ടി, എറണാകുളം - 686 667

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Pradeep Kumar.**
**C. O**
**Date: 30-06-2025 21:24:11**